ജി.1–4887/2016

ജയിലാസ്ഥാനകാര്യാലയം,
തിരുവനന്തപുരം,
തീയതി: 15/03/2016.

## സർക്കുലർ നം.15/2016

05/03/2016 തീയതിയിൽ ജയിലാസ്ഥാനകാര്യാലയത്തിൽ വച്ചു കൂടിയ ജയിൽ സൂപ്രണ്ടുമാരുടെയും വെൽഫെയർ ഓഫീസർമാരുടെയും യോഗത്തിൽ ബഹു: വകുപ്പദ്ധ്യക്ഷൻ തീഹാർ ജയിലിൽ തടവുകാർക്ക് വേണ്ടി നടത്തപ്പെടുന്ന വിവിധ തൊഴിൽ പരിശീലന പരിപാടിയെക്കുറിച്ചും വിദ്യാഭ്യാസ പരിപാടിയെക്കുറിച്ചും വിശദീകരിക്കുകയുണ്ടായി. ടി യോഗത്തിന്റെ മിനിറ്റ്സ് എല്ലാ ഉദ്യോഗസ്ഥരുടെയും അറിവിലിയ്ക്കും അനന്തര നടപടികൾക്കുമായി ഇ-മെയിൽ മുഖാന്തിരം 11/03/2016 തീയതിയിൽ അയയ്ക്കുകയുണ്ടായി. തീഹാർ ജയിലിൽ അന്തേവാസികളുടെ സേവനം ഉപയോഗിച്ചുകൊണ്ട് വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകളും ആടുമാടുകൾ, താറാവ്, മുയൽ, കോഴി എന്നിവയെ വളർത്തുന്ന ഫാമുകളും മറ്റും വിജയകരമായി നടത്തുന്ന വിവരം യോഗത്തിൽ ബഹു: ഡി.ജി.പി. വിശദമാക്കുകയുണ്ടായി. ടി യോഗത്തിൽ ബഹു:ഡി.ജി.പി. നിർദ്ദേശിച്ചതനുസരിച്ച് ഓരോ ജയിലിനും അനുയോജ്യമായ ഒരു പുതിയ സംരംഭമെങ്കിലും തുടങ്ങുന്നതിന് ജയിൽ സൂപ്രണ്ടുമാർ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതും ടി വിവരം ജയിലാസ്ഥാനകാര്യാലയത്തിൽ 25nd റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

15/3

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്& കറക്ഷണൽ സർവ്വീസസ് നു വേണ്ടി

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും.

TN